# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, 10.3.2022

**അറിയിപ്പ്**

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പരസ്യബോർഡുകൾ/ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് **22.3.2022 ന് രാവിലെ 11 മണിക്ക്** നഗരസഭ ഓഫീസിൽ വെച്ച് അദാലത്ത് നടത്തുന്നു. പ്രസ്തുത അദാലത്തിലേക്കുള്ള അപേക്ഷകൾ **17.3.2022 ന് 3 മണിക്ക് മുൻപായി** നഗരസഭാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1) റോഡിന്റെ പേര്,വീതി, സ്ഥല ഉടമയുടെ വിശദാംശങ്ങൾ, സ്ഥല ഉടമയുടെ സമ്മതപത്രം, ലൊക്കേഷൻ പ്ലാൻ, പരസ്യത്തിന്റെ വിസ്തീർണ്ണം, എഗ്രിമെന്റ്, ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്, സ്ഥാപിക്കുന്ന കാലയളവ് എന്നിവ ഹാജരാക്കേണ്ടതാണ്.
2) ഒന്നിലധികം സാമ്പത്തിക വർഷത്തിലേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം.
3) റോഡ് സേഫ്റ്റി അതോറിറ്റിയുടെ/ദുരന്ത നിവാരണ അതോറിറ്റിയുടെ സമ്മതപത്രം.
4) 200/-രൂപയുടെ മുദ്രപത്രത്തിൽ ഫോട്ടോ പതിച്ച്, പരസ്യ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ മുതലായവ പൊതുനിരത്തുകളിൽ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും, നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും കാലാവധിക്ക് ശേഷം/ആവശ്യങ്ങൾക്ക് ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പരസ്യബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ എന്നിവ എടുത്ത് മാറ്റുന്നതാണെന്ന കരാർ ഉടമ്പടി.

(ഒപ്പ്)
**സെക്രട്ടറി**

ബി/11/3